<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2412</u> <u>07-07-2022 - ൽ മറുപടിയ്ക്ക്</u>

<u>കിഫ്ബി പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ഫണ്ട് മുഖാന്തിരമുള്ള പദ്ധതികളുടെ മേൽനോട്ടത്തിനും ഏകോപനത്തിനുമായി കിഫ്ബി നിയമിക്കേണ്ട പ്രോജക്റ്റ് എഞ്ചിനീയർ, സൈറ്റ് സൂപ്പർവൈസർ എന്നീ തസ്തികകൾ നിരവധി ഇടങ്ങളിൽ ഒഴിഞ്ഞ് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (എ) | കിഫ്ബി ധനസഹായം നൽകുന്ന പദ്ധതികളുടെ മേൽനോട്ട ചുമതല അതത് ഭരണ വകുപ്പുകൾ നിയമിക്കുന്ന പദ്ധതി നിർവ്വഹണ ഏജൻസികൾക്കാണ്. അത്തരം ചില ഏജൻസികളിൽ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആവശ്യത്തിനുള്ള എൻജിനീയർമാരെ നിയമിക്കാനുള്ള നിർദ്ദേശം കിഫ്ബിയിൽ നിന്നും എസ്.പി.വികൾക്ക് നൽകിയിട്ടുണ്ട്. ഇതു കൂടാതെ എൻജിനീയർമാർ കുറവുള്ള പദ്ധതികളിൽ എസ്.പി.വി. കൾക്ക് പി.എം.സി സേവനം ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| (ബി) | മലമ്പുഴ മണ്ഡലത്തിൽ പ്രവൃത്തി നടന്നുവരുന്ന കിഫ്ബി പദ്ധതികളിൽ പ്രോജക്റ്റ് എഞ്ചിനീയർ, സൈറ്റ് സൂപ്പർവൈസർ തസ്തികകളിൽ ഉടൻ തന്നെ നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ? | (ബി) | എസ്.പി.വിയും എസ്.പി.വിയെ നിയമിക്കുന്ന അതത് ഭരണവകുപ്പുകളും ആണ് കിഫ്ബി പദ്ധതികളിൽ പ്രൊജക്റ്റ് എഞ്ചിനീയർ, സൈറ്റ് സൂപ്പർവൈസർ തസ്തികകളിൽ നിയമനം നടത്തുവാൻ നടപടി സ്വീകരിക്കേണ്ടത്. ആവശ്യത്തിനുള്ള എഞ്ചിനീയർമാരുടെ അഭാവം ഉള്ള പ്രവർത്തികളിൽ അവശ്യത്തിന് എഞ്ചിജിനീയർമാരെ നിയമിക്കാനുള്ള നിർദ്ദേശം കിഫ്ബിയിൽ നിന്നും എസ്.പി.വി.കൾക്ക് നൽകുന്നുണ്ട്. എന്നിട്ടും ആവശ്യത്തിന് എൻജിനീയർമാരെ നിയമിക്കാത്ത എസ്.പി.വി.കളുടെ സെന്റേജ് ചാർജിൽ നിന്നും കിഫ് ബോർഡ് അംഗീകരിച്ച പ്രകാരമുള്ള കുറവ് വരുത്തുന്നതടക്കമുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ